

# നിങ്ങൾക്കും ഷോർട്ട് ഫിലിം നിർമ്മിക്കാം

ഭാഗം 3

**കഴിഞ്ഞലക്കം തിരക്കഥയെക്കുറിച്ചായിരുന്നു. ഇനി പറയാൻ പോകുന്നത് ഷൂട്ടിങ്ങിനെക്കുറിച്ചാണ്.**

ബാദുഷ

കെട്ടുറപ്പുള്ള ഒരു തിരക്കഥ ഒരുങ്ങിക്കഴിഞ്ഞു. ഇനി വേണ്ടത് തിരക്കഥയിൽ പറയുന്ന കഥാപാത്രങ്ങൾ സഞ്ചരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുക എന്നുള്ളതാണ്. ഷൂട്ടിങ്ങ് ലൊക്കേഷൻ മനോഹരവും കഥക്ക് അനുയോജ്യവുമാണെങ്കിൽ പകുതി മുന്നോട്ടു പോയി എന്ന് നിസ്സംശയം പറയാം. സ്ഥലങ്ങൾ സന്ദർശിക്കുന്ന ഡയറക്ടർക്കും കാമറാമാനും ഒപ്പം ആർട്ട് ഡയറക്ടറും പ്രൊഡക്ഷൻ കൺട്രോളറും ഉണ്ടാവുന്നത് ഏറെ നന്നായിരിക്കും.



രംഗത്ത് ഉപയോഗിക്കേണ്ട പ്രോപ്പർട്ടിയെയും ലൊക്കേഷനിൽ നിർമ്മിക്കേണ്ട സെറ്റുകളെയും കുറിച്ച് ധാരണ ഉണ്ടായിരിക്കേണ്ടതിനാണിത്. ചിത്രീകരണത്തിനായി എത്തുന്ന ടീമിന് താമസസ്ഥലം ഒരുക്കുന്നതിനും, ആർട്ടിസ്റ്റുകളെ ചിത്രീകരണ സ്ഥലത്ത് കൃത്യമായി എത്തിക്കുന്നതിനെക്കുറിച്ചും ഒരു ധാരണ ഉണ്ടാക്കാൻ വേണ്ടിയാണ് പ്രൊഡക്ഷൻ കൺട്രോളറുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നത്.

ചില ചിത്രീകരണ സ്ഥലങ്ങൾക്ക് നേരത്തേ അനുമതി വാങ്ങേണ്ടതുണ്ട്. നേരത്തേ ഇക്കാര്യങ്ങൾ അതത് സ്ഥലങ്ങളിൽ പോയി രേഖാമൂലമുള്ള

# അഭിനേതാക്കൾ

**കഥാപാത്രങ്ങളെ** തെരഞ്ഞെടുക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കഥാപാത്രത്തിന്റെ പ്രായത്തിന് അനുസരിച്ച് ആയിരിക്കണം നടീനടന്മാരെയും തെരഞ്ഞെടുക്കേണ്ടത്. അതിനുവേണ്ടി ഓഡിഷൻ വെച്ച് അനുയോജ്യരായവരെ കണ്ടെത്താവുന്നതാണ്. ചിത്രീകരണ സമയത്ത് കഥാപാത്രത്തിന്റെ സ്വഭാവവിശേഷമനുസരിച്ച് മേക്കപ്പ് ചെയ്യണം.

ദരിദ്രയായ ഒരു വൃദ്ധ കഥാപാത്രത്തിന് ഹെവി മേക്കപ്പ് ചെയ്താൽ ഫലമെന്താവും?! പഴയകാല കഥാപാത്രമാണെങ്കിൽ അവർക്ക് ജീൻസോ ചുരിദാറോ അണിയിച്ചാൽ? ഇത്തരം കാര്യങ്ങൾ വളരെ ശ്രദ്ധിച്ച് വേണം കൈകാര്യം ചെയ്യാൻ. അവർ സീനിൽ ഉപയോഗിക്കുന്ന പ്രോപ്പർട്ടിയുടെ തുടർച്ച കാര്യങ്ങൾ ശ്രദ്ധിക്കണം. അഭിനേതാക്കൾ തന്നെ അത്തരം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ കാര്യങ്ങൾ എളുപ്പമാകും.



അനുമതി വാങ്ങിയാൽ മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാവുന്നതാണ്. ചിത്രീകരിക്കാൻ മനോഹരമായ ഒരു വീട് ആണ് കിട്ടിയതെങ്കിൽ അതിനകത്ത് സൗകര്യപൂർവ്വം ചിത്രീകരിക്കാൻ പറ്റുമോ എന്നുള്ളത് കാമറാമാനുമായി ആലോചിക്കുന്നത് നന്നായിരിക്കും.

ആ രീതിയിൽ എന്തെങ്കിലും തടസ്സം അനുഭവപ്പെടുകയാണെങ്കിൽ ആ വീടിന്റെ പുറം ഭാഗങ്ങളിൽ നിന്നുള്ള ചിത്രീകരണം പൂർത്തിയാക്കി ഇന്റീരിയർ സൗകര്യപ്രദമായ മറ്റിടങ്ങളിലേക്ക് മാറ്റാവുന്നതാണ്. ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വേണമെങ്കിൽ ഒരു ലൊക്കേഷൻ മാനേജറെ ഉപയോഗപ്പെടുത്താവുന്നതാണ്.

ചിത്രീകരണത്തിനായി പല ഡിജിറ്റൽ എസ്.എൽ. ആർ കാമറകളും ഇന്ന് വിപണിയിൽ ധാരാളമുണ്ട്. സുഹൃത്തുക്കളുടെ കാമറ ഉപയോഗിക്കുന്നതായിരിക്കും ഏറ്റവും നല്ലത്. അല്ലെങ്കിൽ കുറഞ്ഞ വാടകക്ക് പലയിടങ്ങളിലും കാനൻ 7 ഡി, 5 ഡി, 6 ഡി എന്നിവ ലഭ്യമാണ്. യൂണിറ്റുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ ഉണ്ട്. ചെറിയ ലൈറ്റുകൾ വളരെ വിദഗ്ധമായി ഉപയോഗിക്കുകയാവും നല്ലത്. വർഷങ്ങൾക്കു മുമ്പ് പ്രശസ്ത സംവിധായകൻ ജയരാജ് 'ദേശാടനം' എന്ന സിനിമ ചെയ്യുമ്പോൾ അതിന്റെ



കാമറാമാനായ എം.ജി. രാധാകൃഷ്ണനോട് പറഞ്ഞു, സാമ്പത്തിക പ്രശ്നം മൂലം യൂണിറ്റ് ഒട്ടുമേ ഉപയോഗിക്കുന്നില്ല എന്ന്. അപ്പോൾ കാമറാമാൻ ചെയ്തതെന്താണെന്ന് അറിയാമോ? കുറെ കണ്ണാടികൾ കൊണ്ടുവരാൻ പറഞ്ഞു. ഇതൊക്കെ വെയിലിന് നേരേ പിടിച്ച് പ്രകാശത്തെ അകത്തേക്ക് തിരിച്ചുവിട്ട് ബൗൺസ് ചെയ്തു. മുറികൾ മുഴുവൻ പ്രകാശമാനമാക്കി. ആ ലൈറ്റ് ഉപയോഗിച്ച് മുഴുവനും ചിത്രീകരിച്ച് തീർത്തു. സിനിമയിൽ പ്രകാശത്തെ അതിമനോഹരമായി ഉപയോഗിച്ചതിന് എം.ജി. രാധാകൃഷ്ണന് മികച്ച കാമറാമാനുള്ള ദേശീയ അവാർഡ് കിട്ടുകയും ചെയ്തു.

ഇത്തരം പരീക്ഷണങ്ങൾ നിങ്ങൾക്കും വേണമെങ്കിൽ ചെയ്തു നോക്കാവുന്നതാണ്.

ദൃശ്യങ്ങളെ പല രീതിയിലുള്ള ഷോട്ടുകളായി തരം തിരിക്കാവുന്നതാണ്. ക്ലോസപ്പ്, മീഡിയം, ലോംഗ് എന്നിവ കൂടാതെ ഇനിയുമുണ്ട്. സൂം ഷോട്ട്, മൈക്രോ സൂം ഷോട്ട്, എസ്റ്റാബ്ലിഷ്മെൻറ് ഷോട്ട്, സജഷൻ ഷോട്ട്, പ്രൊഫൈൽ ഷോട്ട്, റിവേഴ്സ് ആംഗിൾ ഷോട്ട്, ടു ഷോട്ട്, പോയിന്റ് ഓഫ് വ്യൂ ഷോട്ട്, മാറ്റേ ഷോട്ട്, ഹെഡ് ഓൺ ആൻ് ടെയിൽ എവേ ഷോട്ട് എന്നിങ്ങനെ.

കാമറാ ആംഗിളുകളെ പലതായി തരം തിരിക്കുന്നുണ്ട്. ഹൈ ലെവൽ ആംഗിൾ, ലോ ആംഗിൾ, ഹൈ ആംഗിൾ, ടോപ് ആംഗിൾ, ഗ്രൗണ്ട് ലെവൽ ആംഗിൾ, ഫ്ളാറ്റ് ആംഗിൾ, റിവേഴ്സ് ആംഗിൾ എന്നിവ. ഇത് കഥക്ക് അനുയോജ്യമായ രീതിയിൽ കാമറാമാന് ഉപയോഗപ്പെടുത്താവുന്നതാണ്.

✦

(തുടരും)



## സിങ്ക് സൗണ്ട്

**ചിത്രീകരണ** സമയത്തുതന്നെ കഥാപാത്രങ്ങളുടെയും ചുറ്റുപാടുകളുടെയും ശബ്ദങ്ങൾ അപ്പോൾതന്നെ റെക്കോഡ് ചെയ്ത് ചിത്രത്തിൽ ഉപയോഗിക്കുന്നതിനെയാണ് സിങ്ക് സൗണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. മിക്ക ഹോളിവുഡ് സിനിമകളിലും സിങ്ക് സൗണ്ട് ആണ് ഉപയോഗിക്കുന്നത്. മലയാളത്തിൽ പൂർണ്ണമായി എത്തിയിട്ടില്ലെങ്കിലും ചില ചിത്രങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. വളരെ ശ്രദ്ധിച്ച് വേണം സിങ്ക് സൗണ്ട് ഉപയോഗിക്കാൻ.